**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1250** **30-08-2022 - ൽ മറുപടിയ്ക്ക്**

**തവനൂർ- തിരുനാവായ പാലം നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ തവനൂർ- തിരുനാവായ പാലം നിർമിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>തവനൂർ-തിരുനാവായ പാലത്തിന്റെ നിർമ്മാണത്തിന് DSoR 2016 പ്രകാരം 05.08.2021 ന് ടെണ്ടർ ക്ഷണിക്കുകയും 21.12.2021 ന് ടെണ്ടർ തുറക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ തുക 48.88 കോടി രൂപയ്ക്ക് M/s ULCCS എന്ന കമ്പനി രേഖപ്പെടുത്തി. പ്രസ്തുത കമ്പനിയുമായി ക്വോട്ട് ചെയ്ത തുകയിൽ നെഗോസിയേഷൻ ആവശ്യപ്പെടുകയും ആയതിൽ കമ്പനി 48.83 കോടി രൂപ ആയി കുറയ്ക്കുകയും ചെയ്തു.<br><br>ഈ തുക ടെണ്ടർ ക്ഷണിച്ച DSoR 2016 പ്രകാരം 13.88% അധികമാണ്. എന്നാൽ DSoR 2018-നേക്കാൾ 0.000106% കുറവും ലോക്കൽ മാർക്കറ്റ് റേറ്റ് (LMR)-നേക്കാൾ 17.71% കുറവും ആണ്. ഇതിനെ തുടർന്ന് പ്രസ്തുത കമ്പനിയ്ക്ക് LOA നൽകുകയും, ഈ വിവരം കിഫ്ബിയിൽ അറിയിക്കുകയും ചെയ്തു. എന്നാൽ കിഫ്ബി ഇതിന് സാധൂകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. ആർ.ബി.ഡി.സി.കെ. സാധൂകരണത്തിനു സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.<br><br>സാധൂകരണം സംബന്ധിച്ച് തീരുമാനം എടുക്കുന്ന മുറയ്ക്ക് കരാർ വച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ ഇതിന്റെ നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | എന്നത്തേക്ക് പ്രവൃത്തി തുടങ്ങാനാവുമെന്ന് വിശദമാക്കാമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ